നം: ക്യൂ.ഐ.പി./34900/12/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയ്യതി: /10/2012

## സർക്കുലർ

വിഷയം : ക്യൂ.ഐ.പി. - അദ്ധ്യാപകർക്കുള്ള തൽസ്ഥല പിന്തുണാപദ്ധതി - നവംബർ 21 മുതൽ ഫെബ്രുവരി ഒന്നുവരെ - സ്കൂളുകളിൽനിന്നും ഒ.എസ്.എസ്. ടീമിലേക്കു തെരെഞ്ഞടുത്ത അദ്ധ്യാപകർക്ക് പകരം അദ്ധ്യാപകരെ നിയമിക്കുന്നത് - സംബന്ധിച്ച്.

സൂചന : ക്യൂ.ഐ.പി. 45010/11/ഡി.പി.ഐ. തീയതി 18-10-2011.

----------

അദ്ധ്യാപകർക്കുള്ള തൽസ്ഥല പിന്തുണാസംവിധാനം ഈ വർഷവും നടപ്പിലാക്കുകയാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതനിനു 2011-12 വർഷം ജില്ലകളിലെ വിവിധ എയിഡഡ് സർക്കാർ സ്കൂളിൽനിന്നും പ്രഗത്ഭരും തത്പരരുമായ അദ്ധ്യാപകരെ കഴിഞ്ഞ വർഷം തെരെഞ്ഞടുക്കുകയും അവർക്ക് ഒ.എസ്.എസ്. പ്രവർത്തനം ഫലപ്രദമായി നിർവഹിക്കുന്നതിനുള്ള പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഈ വർഷം സമയ പരിമിതി മൂലവും പാഠ്യപദ്ധതിയിൽ യാതൊരു മാറ്റവും ഇല്ലാത്തതിനാലും കഴിഞ്ഞ വർഷം പരിശീലനം ലഭിച്ച അതേ ഒ.എസ്.എസ്. ടീമിന്റെ നേതൃത്വത്തിൽ ഈ വർഷവും തൽസ്ഥലപിന്തുണാ സംവിധാനം പ്രവർത്തനം നടത്തേണ്ടതാണ്. റിട്ടയർ ചെയ്തവരെയും ജില്ലയിൽനിന്നും പുറത്ത് സ്ഥലം മാറ്റം വാങ്ങിയവരെയും ഒഴിവാക്കേണ്ടതാണ്. ഒ.എസ്.എസ്. മാർഗരേഖയ്ക്ക് മുൻവർഷത്തിൽ നിന്ന് യാതൊരു മാറ്റവും ഉണ്ടായിരു ക്കുന്നതല്ല. ഇവർ 22-11-2012 മുതൽ ഡി.ഇ.ഒ.യുടെ നേതൃത്വത്തിൽ സ്കൂളുകൾ സന്ദർശിക്കുകയും അദ്ധ്യാപകർക്ക് അതാത് വിഷയങ്ങളിലെ പഠനബോധന പ്രവർത്തനങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനുള്ള സംശയനിവാരണവും പിന്തുണയും നൽകുന്നതാണ്. 2012 നവംബർ 21 മുതൽ 2012 പെബ്രുവരി 1 വരെയാണ് ഈ പദ്ധതിയുടെ പ്രവർത്തന കാലയളവ്.

മേൽ വിവരിച്ച ഒ.എസ്.എസ്. പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർ അവരവരുടെ സ്കൂളിൽ നിന്ന് നിയോഗിക്കപ്പെടുമ്പോൾ പ്രസ്തുത അദ്ധ്യാപകർ കൈകാര്യം ചെയ്തിരുന്ന ക്ലാസ്സുകളിലെ പഠനം തടസ്സപ്പെടാനിടയുണ്ട്. ആയതിനാൽ ഗവൺമെന്റ് സ്കൂളുകളിൽ ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാരും, എയ്ഡഡ് സ്കൂളുകളിൽ അതത് മാനേജർമാരും ഈ അദ്ധ്യാപകരുടെ ഒഴിവുകളിൽ താല്ക്കാലികമായി പുതിയ അദ്ധ്യാപകരെ നിയോഗിക്കുകയും ജില്ലാ വിദ്യാഭ്യാസ ഓഫീസർ യോഗ്യതയുടെയും അദ്ധ്യപന പരിചയത്തിന്റെയും അടിസ്ഥാനത്തിൽ സ്കൂളുകളിൽ ഈ അദ്ധ്യാപകരെ പകരം നിയമിച്ചുത്തരവു നൽകേണ്ടതുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരം നിയമിക്കപ്പെടുന്നവർക്ക് പ്രതിദിനം 500/- രൂപ നിരക്കിൽ പ്രതിഫലം നൽകുന്നതാണ്. ഒ.എസ്.എസ്. പ്രവർത്തനങ്ങൾക്ക് നിയോഗിക്കപ്പെട്ട അദ്ധ്യാപകൻ കൈകാര്യം ചെയ്തിരുന്ന വിഷയത്തിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ മാത്രമേ ഈ നിയമനത്തിന് പരിഗണിക്കാൻ പാടുള്ളൂ. ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇവരുടെ യോഗ്യത പരിശോധിക്കുകയും ഒരാഴ്ചയ്ക്കകം ഡയറക്ടറേറ്റിലേക്ക് റിപ്പോർട്ട്

ചെയ്യുകയും ചെയ്യേണ്ടതാണ്. ഇപ്രകാരം ഗവൺമെന്റ് സ്കൂളുകളിൽ താൽക്കാലികമായി നിയമിക്കപ്പെടുന്നവർക്കുള്ള പ്രതിഫലം അലോട്ട്മെന്റായി സ്കൂളിൽ ലഭ്യമാക്കുന്നതാണ്. എയിഡഡ് സ്കൂളിൽ നിയമിക്കപ്പെടുന്നവർക്കുള്ള തുക അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും ലഭിക്കുന്നതാണ്. ഒഴിവുകൾ യഥാസമയം നികത്തുന്നതിന് ഹെഡ്മാസ്റ്റർമാരും, മാനേജർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതും ഒഴിവുകൾ നികത്തപ്പെട്ടു എന്ന് എല്ലാ ഡി.ഇ.ഒ.മാരും ഉറപ്പുവരുത്തേണ്ടതുമാണ്. ഒ.എസ്.എസ്-ന് വേണ്ടി നിയോഗിക്കുന്ന അദ്ധ്യാപകരെ വർക്കിംഗ് അറേഞ്ച്മെന്റ് ആയാണ് സ്വന്തം സ്കൂളിൽ നിന്ന് വിടുതൽ ചെയ്ത് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ചേർക്കുന്നത്. ഡി.ഇ.ഒ.മാർ നൽകുന്ന ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവരവരുടെ മാതൃസ്ഥാപനത്തിൽ നിന്നും പ്രതിമാസ ശമ്പളം അവർക്ക് സ്വീകരിക്കാവുന്നതാണ്.

മൈനർ ലാംഗ്വേജിന്റെ കാര്യത്തിൽ വിദ്യാഭ്യാസ ജില്ലയിലെ ആകെ സ്കൂളുകളിൽ മൂന്നിൽ ഒന്നുഭാഗം സ്കൂളുകളിലെങ്കിലും പ്രസ്തുത വിഷയം പഠിപ്പിക്കുന്നുണ്ടെങ്കിൽ മാത്രം ആ വിഷയത്തിലെ ഒ.എസ്സ്.എസ്സ്. അംഗമായ അദ്ധ്യാപകനെ സ്വന്തം സ്കൂളിൽ നിന്ന് വിടുതൽ ചെയ്ത് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ചേർത്താൽ മതിയാവുന്നതാണ്. ഇപ്രകാരം ചേർക്കുന്ന ജില്ലകളിൽ ഒ.എസ്സ്.എസ്സ്. ടീം മൈനർ ലാംഗ്വേജ് ഉള്ള സ്കൂൾ സന്ദർശിക്കുന്ന ദിവസം മാത്രം മൈനർ ലാംഗ്വേജ് അദ്ധ്യാപകരെ ടീമിൽ ഉൾപ്പെടുത്തുകയും പ്രസ്തുത ദിവസങ്ങളിൽ മാത്രം പാകരക്കാരെ ഇതേ നിരക്കിൽ ദിവസ വേതനാടിസ്ഥാനത്തിൽ സ്കൂളിൽ നിയമിക്കുകയും ചെയ്യേണ്ടതാണ്.

20-11-2011ന് ഒ.എസ്.എസ്. ടീം അംഗങ്ങൾ സ്കൂളിൽ നിന്ന് വിടുതൽ ചെയ്ത് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ എത്തി എന്നും പകരക്കാർ ഉടൻ തന്നെ സ്കൂളുകളിൽ നിയോഗിക്കപ്പെട്ടു എന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഡെപ്യൂട്ടി ഡയറക്ടർമാരും ഉറപ്പു വരുത്തേണ്ടതുമാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

PS 14-11-12